# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5301 15..11..2019 -ലെ മറുപടിയ്ക്ക്

**ആലപ്പുഴയിലുള്ള കേരള സർവ്വകലാശാലയുടെ ഇൻഫർമേഷൻ സെന്ററും റിസർച്ച് സെന്ററും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **ഡോ. കെ.ടി. ജലീൽ** (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴയിൽ നിലവിലുള്ള കേരള സർവ്വകലാശാലയുടെ ഇൻഫർ-മേഷൻ സെന്ററും റിസർച്ച് സെന്ററും സർവ്വകലാശാലയുടെ ഒരു ഉപകേന്ദ്രമായി ഉയർത്തിയിട്ടുണ്ടോ ; | (എ) | ആലപ്പുഴയിൽ നിലവിലുള്ള പഠന ഗവേഷണ കേന്ദ്രം കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രത്തിൽനിന്നും വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാ-ണെന്ന് വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികൾക്ക് ഡിഗ്രി/മൈഗ്രേഷൻ/ എലിജിബിലിറ്റി ഒഴികെയുള്ള എല്ലാ സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. |
| (സി) | ഇവിടുത്തെ ലൈബ്രറി സൗകര്യം പൊതുജനങ്ങൾ കൂടി ഉപയോഗിക്കുന്ന വിധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ, പ്രസ്തുത ലൈബ്രറിയിൽനിന്നും പുസ്തക വിതരണത്തിനുള്ള സംവിധാനം കൂടി ഒരുക്കുമോ, വ്യക്തമാക്കുമോ? | (സി) | നിലവിൽ പൊതുജനങ്ങൾക്ക് ഐ.ഡി. പ്രൂഫിന്റെയും 25/- രൂപയുടെ നോൺ റീഫൻഡബിൾ ഫീസിന്റെയും അടിസ്ഥാനത്തിൽ ലൈബ്രറിയിൽ അംഗത്വം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ പുസ്തകവിതരണം ലഭ്യമല്ല. നിലവിൽ റഫറൻസ് സൗകര്യം മാത്രമേ ഉള്ളൂ. |

സെക്ഷൻ ഓഫീസർ